File No.FWLD-F1/18/2018-FWLD

4171
1/3/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കാട്ടാനയുടെ ആക്രമണത്താൽ കൊല്ലപ്പെട്ട ബിജു അഞ്ചാനിക്കൽ എന്നയാളുടെ വിധവ ശ്രീമതി കത്രീനയ്ക്ക് മാനുഷിക പരിഗണന നൽകി വകുപ്പിൽ പാർട്ട് ടൈം സ്വീപ്പറായി നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Ms)No.8/2019/F&WLD തീയതി,തിരുവനന്തപുരം, 26/02/2019

---

പരാമർശം:- 1 25/11/2005 ലെ ജി.ഒ(പി)നം. 501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.

2 ബഹു മുഖ്യമന്ത്രി സമക്ഷം ശ്രീമതി. കത്രീന സമർപ്പിച്ച 28.10.2017 തീയതി വച്ച നിവേദനം.

3 04/06/2018 ലെ ജി.ഒ(എം.എസ്) 23/2018/വനം നമ്പർ സർക്കാർ ഉത്തരവ്.

4 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 27.06.2018, 09.04.2018 എന്നീ തീയതികളിലെ WL2-58611/2017 നമ്പർ കത്തുകളും 19.08.2018-ലെ WL11-9556/18 നമ്പർ കത്തും.

<u>ഉത്തരവ്</u>

വനം വകുപ്പിൽ ആറളം വന്യജീവി സങ്കേതാതിർത്തിയിൽ കൊട്ടിയൂർ റെയിഞ്ചിന്റെ അധികാര പരിധിയിലുള്ള സ്വകാര്യ സ്ഥലമായ നരിക്കടവിൽ വച്ച് 10/01/2017-ന് ബിജു അഞ്ചാനിക്കൽ എന്നയാൾ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു. ബിജുവിന്റെ ആകസ്മികമായ മരണം മാനസികമായും സാമ്പത്തികമായും തങ്ങളെ തളർത്തിയെന്നും, പ്രായമായ അമ്മയും രണ്ട് പെൺമക്കളുമടങ്ങുന്നതാണ് തന്റെ കുടുംബം എന്നും, ഒരു കടയിൽ സെയിൽസ്മാനായി ജോലി നോക്കിയിരുന്ന ബിജുവിന്റെ കൂലി ആയിരുന്നു കുടുംബത്തിന്റെ ഏക വരുമാന മാർഗ്ഗം എന്നും, ആറളം ഫാം ഡിവിഷനിൽ നരിക്കടവിൽ പുതുതായി ഒരു ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുകയും ഇവിടേയ്ക്ക് ഒരു പാർട്ട് ടൈം സ്വീപ്പർ ഉൾപ്പെടെയുള്ള പുതിയ തസ്തിക അനുവദിച്ചതായി അറിയാൻ കഴിഞ്ഞെന്നും, ആയതിനാൽ തങ്ങളുടെ ദയനീയമായ ജീവിത സാഹചര്യം കണക്കിലെടുത്തുകൊണ്ട് ടി പാർടൈം സ്വീപ്പർ തസ്തികയിൽ തനിയ്ക്ക് നിയമനം നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് ബഹു മുഖ്യമന്ത്രി സമക്ഷം ബിജുവിന്റെ വിധവയായ ശ്രീമതി കത്രീന പരാമർശം രണ്ട് പ്രകാരം അപേക്ഷ സമർപ്പിച്ചു.

2. ബിജുവിന്റെ മരണത്തെത്തുടർന്ന് നിരാലംബരായ ടി കുടുംബത്തിന് സമാശ്വാസ സഹായമായി 5 ലക്ഷം രൂപ അനുവദിച്ചുവെന്നും, തുടർന്ന് ഭാര്യയായ കത്രീനയ്ക്ക് ആറളം വന്യജീവി സങ്കേതത്തിൽ ദിവസക്കൂലി വ്യവസ്ഥയിൽ താൽക്കാലികമായി ജോലി നൽകിയിട്ടുണ്ടെന്നും, രണ്ട് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി എടുത്ത ബാങ്ക് ലോൺ ഉൾപ്പെടെയുള്ള ബാധ്യത കുടുംബത്തിനുണ്ടെന്നും, ആറളം വൈൽഡ് ലൈഫ് ഡിവിഷനിൽ നരിക്കടവിൽ പുതുതായി അനുവദിച്ച ഫോറസ്റ്റ് സ്റ്റേഷൻ കരിയംകാപ്പ് കേന്ദ്രീകരിച്ച് താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഇവിടെയ്ക്കനുവദിച്ച പാർട്ട് ടൈം സ്വീപ്പർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നും ഈ സാഹചര്യത്തിൽ ടിയാരിയ്ക്ക് ആറളം വൈൽഡ് ലൈഫ് ഡിവിഷനു കീഴിൽ അനുവദിച്ചിട്ടുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നത് പരിഗണിയ്ക്കാവുന്നതാണെന്നും, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബിജുവിന്റെ മരണത്തെത്തുടർന്ന് നിരാലംബരായ ടി കുടുംബത്തിന് ശ്രീമതി കത്രീനയ്ക്ക് ലഭിക്കുന്ന തുച്ഛമായ വരുമാനമാണ് ഇപ്പോഴുള്ള ഏക വരുമാനം. പ്രായമായ അമ്മയും രണ്ട് പെൺമക്കളുമടങ്ങുന്ന ടി കുടുംബത്തിന് രണ്ട് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി എടുത്ത ബാങ്ക് ലോൺ ഉൾപ്പെടെയുള്ള ബാധ്യതകൾ നിലവിൽ ഉണ്ട്. ടി ബാധ്യതകൾ ശ്രീമതി കത്രീനയ്ക്ക് ഇപ്പോൾ ലഭിച്ചുവരുന്ന തുച്ഛമായ വരുമാനം കൊണ്ട് വീട്ടാൻ സാധിക്കുന്നതല്ല. ടി സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വനം വകുപ്പിന് കീഴിൽ ആറളം വന്യജീവി സങ്കേതാതിർത്തിയിൽ കൊട്ടിയൂർ റെയിഞ്ചിന്റെ അധികാര പരിധിയിലുള്ള സ്വകാര്യ സ്ഥലമായ നരിക്കടവിൽ വച്ച് 10/01/2017-ന് കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ബിജു അഞ്ചാനിക്കൽ എന്നയാളുടെ വിധവ ശ്രീമതി കത്രീനയ്ക്ക് ടിയാരിയുടെ പരിതാപകരമായ ജീവിത സാഹചര്യം കണക്കിലെടുത്ത്, പരാമർശം രണ്ടു പ്രകാരം ആറളം വൈൽഡ് ലൈഫ് ഡിവിഷനിൽ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ പുതുതായി അനുവദിച്ച പാർട്ട് ടൈം സ്വീപ്പറുടെ തസ്തികയിലേയ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ചും, മാനുഷിക പരിഗണന നൽകിയും, പരാമർശം (1)ലെ ഉത്തരവിൽ ഇളവു വരുത്തി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DEVENDRA KUMAR SINGH IAS
PRINCIPAL SECRETARY & APC

<u>പകർപ്പ്</u>

വനസേനാമേധാവി, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 2866, തീയതി 19.02.2019).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SAJEEVAN M K
Date: 2019.02.26 12:37:31 IST
Reason: Approved

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 19-02-2019

ഫയൽ നം.18/എഫ്1/2018/വനം ഇനം നം: 2866

വിഷയം : വനം വന്യജീവി വകുപ്പ് - കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ബിജു അഞ്ചാനിക്കൽ എന്നയാളുടെ വിധവ ശ്രീമതി കത്രീനയ്ക്ക് വനം വകുപ്പിൽ പാർട്ട് ടൈം സ്വീപ്പറായി നിയമനം നൽകണമെന്ന അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 18/എഫ് 1/2018/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ബിജു അഞ്ചാനിക്കൽ എന്നയാളുടെ വിധവ ശ്രീമതി. കത്രീനയ്ക്ക് വനം വകുപ്പിൽ പാർട്ട് ടൈം സ്വീപ്പറായി നിയമനം നൽകണമെന്ന അപേക്ഷ സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05/01/2019 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്. പ്രവീൺ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 04/02/2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07/02/2019 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08/02/2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 15/02/2019 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാട്ടാനയുടെ ആക്രമണത്താൽ കൊല്ലപ്പെട്ട ബിജു അഞ്ചാനിക്കൽ എന്നയാളുടെ വിധവ ശ്രീമതി കത്രീനയ്ക്ക് മാനുഷിക പരിഗണന നൽകി വനം വന്യജീവി വകുപ്പിൽ പാർട്ട് ടൈം സ്വീപ്പറായി നിയമനം നൽകണമെന്ന അപേക്ഷയാണ് കുറിപ്പിലെ വിഷയം.

2. 10/01/2017-ന് ആറളം വന്യജീവി സങ്കേതാതിർത്തിയിൽ കൊട്ടിയൂർ റെയിഞ്ചിന്റെ അധികാര പരിധിയിലുള്ള സ്വകാര്യ സ്ഥലമായ നരിക്കടവിൽ വച്ച് ബിജു അഞ്ചാനിക്കൽ എന്നയാൾ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. പ്രായമായ അമ്മയും ഭാര്യയും രണ്ട് പെൺമക്കളുമടങ്ങുന്നതാണ് ബിജുവിന്റെ കുടുംബം. ഒരു കടയിൽ സെയിൽസ്മാനായി ജോലി നോക്കിയിരുന്ന ബിജുവിന്റെ കൂലി ആയിരുന്നു കുടുംബത്തിന്റെ ഏക വരുമാന മാർഗ്ഗം. ബിജുവിന്റെ ആകസ്മികമായ മരണം മാനസികമായും സാമ്പത്തികമായും തങ്ങളെ തളർത്തിയെന്നും, ആറളം ഫാം ഡിവിഷനിൽ നരിക്കടവിൽ പുതുതായി ഒരു ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുകയും ഇവിടേയ്ക്ക് ഒരു പാർട്ട് ടൈം സ്വീപ്പർ ഉൾപ്പെടെയുള്ള പുതിയ തസ്തിക അനുവദിച്ചതായി അറിയാൻ കഴിഞ്ഞെന്നും, ആയതിനാൽ തങ്ങളുടെ ദയനീയമായ ജീവിത സാഹചര്യം കണക്കിലെടുത്തുകൊണ്ട് ടി പാർടൈം സ്വീപ്പർ തസ്തികയിൽ തനിയ്ക്ക് നിയമനം നൽകണമെന്നും അപേക്ഷിച്ച് കൊണ്ട് ബിജുവിന്റെ വിധവയായ ശ്രീമതി കത്രീന സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. ബിജുവിന്റെ മരണത്തെത്തുടർന്ന് നിരാലംബരായ ടി കുടുംബത്തിന് സമാശ്വാസ സഹായമായി 5 ലക്ഷം രൂപ അനുവദിച്ചുവെന്നും, തുടർന്ന് ഭാര്യയായ കത്രീനയ്ക്ക് ആറളം വന്യജീവി സങ്കേതത്തിൽ ദിവസക്കൂലി വ്യവസ്ഥയിൽ താൽക്കാലികമായി ജോലി നൽകിയിട്ടുണ്ടെന്നും, രണ്ട് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി എടുത്ത ബാങ്ക് ലോൺ ഉൾപ്പെടെയുള്ള ബാധ്യത കുടുംബത്തിനുണ്ടെന്നും ആറളം

വൈൽഡ് ലൈഫ് ഡിവിഷനിൽ നരിക്കടവിൽ പുതുതായി അനുവദിച്ച ഫോറസ്റ്റ് സ്റ്റേഷൻ കരിയംകാപ്പ് കേന്ദ്രീകരിച്ച് താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഇവിടെയ്ക്കനുവദിച്ച പാർട്ട് ടൈം സ്വീപ്പർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നും ഈ സാഹചര്യത്തിൽ ടിയാരിയ്ക്ക് ആറളം വൈൽഡ് ലൈഫ് ഡിവിഷനു കീഴിൽ അനുവദിച്ചിട്ടുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നത് പരിഗണിയ്ക്കാവു- ന്നതാണെന്നും, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് 25.11.2005 -ലെ G.O.(P) No. 501/2005/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവി- ച്ചിട്ടുണ്ട്. ടി ഉത്തരവ് തീയതിയ്ക്കു ശേഷം സർക്കാർ ഓഫീസുകളിൽ സൃഷ്ടിക്കപ്പെടുന്ന പാർട്ട് ടൈം സ്വീപ്പറുടെ തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന മാത്രമേ നിയമനം നടത്തുവാൻ പാടുള്ളു എന്ന് ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. 04/06/2018 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 23/2018/വനം ഉത്തരവ് പ്രകാരമാണ് ആറളം വൈൽഡ് ലൈഫ് ഡിവിഷനു കീഴിൽ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. അതിനാൽ അവിടെ സൃഷ്ടിച്ചിരിക്കുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമനം നടത്താൻ പാടുള്ളൂ.

5. എന്നിരുന്നാലും അപേക്ഷകയുടെ നിലവിലെ പരിതാപകരമായ ജീവിതസാഹചര്യം പരിഗണിച്ച് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി കത്രീനയെ സർക്കാർ ഉത്തരവ് (എം.എസ്) നം.23/2018/വനം തീയതി 04/06/2018 പ്രകാരം ആറളം വൈൽഡ്

ലൈഫ് ഡിവിഷനിൽ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് പുതുതായി അനുവദിച്ച പാർട്ട് ടൈം സ്വീപ്പറുടെ തസ്തികയിലേയ്ക്ക് നിയമിക്കുന്ന കാര്യം പരിഗണിയ്ക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്യുപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

10/01/2017-ന് ആറളം വന്യജീവി സങ്കേതാതിർത്തിയിൽ കൊട്ടിയൂർ റെയിഞ്ചിന്റെ അധികാര പരിധിയിലുള്ള സ്വകാര്യ സ്ഥലമായ നരിക്കടവിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ.ബിജുവിന്റെ വിധവ ആറളം വന്യജീവി സങ്കേതത്തിൽ ദിവസക്കൂലി വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ശ്രീമതി കത്രീനയ്ക്ക് സർക്കാർ ഉത്തരവ് (എം.എസ്) നം. 23/2018/വനം തീയതി 04/06/2018 പ്രകാരം ആറളം വൈൽഡ് ലൈഫ് ഡിവിഷനിൽ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് പുതുതായി അനുവദിച്ച പാർട്ട് ടൈം സ്വീപ്പറുടെ തസ്തികയിലേയ്ക്ക് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, നിലവിലുള്ള ഉത്തരവിൽ ഇളവു വരുത്തി നിയമനം നൽകാമോ?